# ചിത്രശലഭങ്ങളുടെ

# കൊട്ടാരം....



## ലിറ്റിൽ

## കൈറ്റ്സ്

## ഇ-മാഗസിൻ

## ജി വി എച്ച് എസ് എസ്

## കുളക്കട

ലിറ്റിൽ കൈറ്റ്സ്

# ആമുഖം

കുളക്കട ജി വി എച് എസ് ൽ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് വളരെ നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട് .കൃത്യമായ പരിശീലനം എല്ലാ ആഴ്ചകളിലും നടക്കുന്നുണ്ട്. ഇൻഫർമേഷൻ ടെക്നോളജി യിൽ കൂടുതൽ അറിവ് ലഭിക്കുന്നതോടൊപ്പം കുട്ടികളുടെ സർഗാത്മകത പരിപോഷിപ്പിക്കുന്നതിനും ഇത്തരത്തിലുള്ള മാഗസിൻ രചനകൾ സഹായിക്കുന്നു.മലയാളം ടൈപ്പിംഗ് ൽ കുട്ടികൾക്ക് മികച്ച പ്രവർത്തനങ്ങൾ നടത്താൻ കഴിവ് ലഭിക്കുന്നു.പരിശീലന മൊഡ്യൂൾ ന പുറത്തുള്ള കാര്യങ്ങളും ചെയുന്നതിനു അവസരങ്ങൾ ഉണ്ട്.ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾ കൂടുതൽ അന്വേഷണാത്മകവും സർഗാത്മകവും അകാൻ മാഗസിൻ പ്രവർത്തനങ്ങൾ സഹായിക്കട്ടെ.

കൈറ്റ് മിസ്ട്രസ്

ആശാദേവി

അനില ആർ എസ്

# ➔ മാഗസിൻ കമ്മിറ്റി

ദിയ തോമസ്
എൽസ ബി വർഗീസ്
തസ്നി എൻ
പാർവതി
ഗായത്രി
ധന്യ മാത്യു
അമൃത രാജേഷ്
അസ്നഫാത്തിമ
ജെസ്സിൻ ജോൺ
ജാൻസി സജി
നന്ദന ആർ
അലീന റെയ്ച്ചൽ

# താളുകളിലൂടെ ..


ആമുഖം ............................

ആശംസകൾ ..................

കവിത ..................................

കഥ .........................................

ശാസ്ത്ര ലേഖനങ്ങൾ ..............

വ്യക്തികൾ നേട്ടങ്ങൾ ............

കണ്ടെത്തലുകൾ ....................

പ്രളയം 2018 ........................

***പ്രളയകാഴ്ചകൾ ................***

# ● ആശംസകൾ





കുളക്കട ജി വി എച് എസ് ൽ  ലിറ്റിൽ  കൈറ്റ്സ് യൂണിറ്റ് വളരെ നല്ലരീതിയിൽ പ്രവർത്തിക്കുന്നുണ്ട് .ലിറ്റിൽ  കൈറ്റ്സ് കുട്ടികൾ തയ്യാറാക്കുന്ന e -മാഗസിന്   എല്ലാവിധ ആശംസകളും നേരുന്നു.

ശ്രീകുമാർ  പി.ആർ

*ഹെഡ് മാസ്റ്റർ .*

***ജി വി എച് എസ്  കുളക്കട***

## *ആശംസകൾ*



ലിറ്റിൽ കൈറ്റ്സ് കുട്ടികൾ തയ്യാറാക്കുന്ന e -മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.

അജയകുമാർ ഡി
സീനിയർ അസിസ്റ്റന്റ്
ജി വി എച്ച് എസ് കുളക്കട

➔ ആശംസകൾ

ലിറ്റിൽ കൈറ്റ്സ് കുട്ടികൾ തയ്യാറാക്കുന്ന e -മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു

ശ്രീകല സി ജി
എസ് ഐ റ്റി സി

# ലഹരി

കവികൾക്ക് കവിതയൊരു ലഹരി
ചിലർക്കന്നുമിന്നും കഥകളൊരു ലഹരി
കരിമ്പുകച്ചുരുളിന്റെ തടവറയ്ക്കുള്ളിലായ്
എരിയുന്ന ചില മർത്യജന്മം

വാനത്തിനോളം വളർന്ന ശാസ്ത്രം ...
ബുദ്ധിയും കഴിവും ജഗത്തിനോളം ...
അന്ധവിശ്വാസത്തിൻ ക്കുരിരുൾ നീക്കിയീ -
ന്നവനിയിലെങ്ങും പ്രകാശമായീ ....

ബുദ്ധിയിന്നെത്ര വികസിച്ചാലും ..
ശാസ്ത്രമിന്നെത്ര വളർന്നീടിലും
സിരകളെ കർന്നുതിന്നാനന്ദം നൽകുന്ന
മദ്യമി പാരിൽ മദിച്ചിടുന്നു ..

മയക്കുമരുന്നും പുകവലിയും
മദ്യവും പിന്നെ മസാലകളും ..
ശാസ്ത്രമിന്നേകുന്ന ജീവപ്രകാശത്തെ -

യാകെ കെട്ടുത്തി പടർന്നിടുന്നു

ലോകം മുഴുവനും കാൽക്കീഴിലാക്കിയി -
ന്നാ  സത്വം ഭ്രമി വിഴുങ്ങിടുന്നു ..
ഭാരതത്തിന്റെ യുവത്വമാം നിധിയെയി -
ന്നാ സത്വംഇരുളിൽ കുരുക്കിടുന്നു...

സത്വമാം ലഹരിയേ ദൂരെയെറിഞ്ഞൊരു
വിശ്വം നമുക്കു പണിതുയർത്താം ..
ജീവിതമാണെന്റെ ലഹരിയെന്നോതി
കയ്യ് കോർത്ത് നമുക്കിന്നു മുന്നേറിടാം .

ജീവിതമാണെന്റെ ലഹരിയെന്നോതി
കയ്യ് കോർത്ത് നമുക്കിന്നു മുന്നേറിടാം .

പ്രവീൺ കൃഷ്ണൻ യു ബി
8 സി

- # എന്റെ വിദ്യാലയം

മുത്തശ്ശിയാണ് എന്റെ വിദ്യാലയം
പഴംകഥയിലെ മുത്തശ്ശിയെയല്ല
പഴമയുടെ മുത്തശ്ശിയാണെൻ
വിദ്യാലയം

പുത്തൻ അറിവുകൾ കാട്ടിതരുന്നൊരീ
ഗുരുനന്മ യാണെന്റെ വിദ്യാലയം
പഴമയുടേയും  പുതുമയുടെയും
അറിയാത്തറിവുകൾ കാട്ടിത്തരും
മാതൃ സ്നേഹമെൻ വിദ്യാലയം

ഒരുമയുടെയും പുതുമയുടെയും
ശ്ലോകങ്ങൾ ചൊല്ലുമെൻ വിദ്യാലയം
വീരപാണ്ഡ്യന്മാരുടെ വിത്തുകൾ
പൊട്ടിമുളയ്ക്കുന്ന വിദ്യാലയം

വിഭജന മതമല്ല ഒരു മതമാണ്
എല്ലാരും മനുഷ്യരാണ് എൻ വിദ്യാലയത്തിൽ
വിഭജിക്കാത്തൊരീ ദീപപ്പൊരുൾ കണ്ടറിയുന്ന
എന്റെ വിദ്യാലയം

വിദ്യയെന്താണെന്നു ചൊല്ലിത്തരുന്നൊരീ
മാതാ  പിതാ  ഗുരുക്കന്മാരും
ഇരുളിനെ മാറ്റി വെളിച്ചമാക്കുന്നയീ
ഗുരു വിന്റെ സ്നേഹം അതിനന്മ
മുത്തശ്ശിയാണെന്റെ വിദ്യാലയം
ഒത്തൊരുമയാണെന്റെ വിദ്യാലയം

റ്റിനു യോഹന്നാൻ ,      7 സി

# • നിലാവ്

രജനി തൻ ശോഭയുണർത്തുന്ന
നീലനിലാവും താരങ്ങളും സംയോജിക്കുന്നീ -
യാമ വിനാഴികകളിൽ മാലോകർ തൻ
ആഹ്ലാദത്തിൻ  പുഞ്ചിരി കണ്ടു
ചെറുതാരങ്ങളിൽ .

നന്മതൻ വെൺമ പോൽ
ആരിലും നിറച്ചിടും നിൻ
ചാരുതയെന്നും ഒളിളുകിടവേ .....

ഇന്നു ഞാൻ ആദരിക്കുന്നു
നിന്നെ ചന്ദ്ര ദിനമായി ...
എന്നും നിന്നെ സ്മരിച്ചീടുവാൻ
ധരിത്രിയിൽ നിൻ ചാരു -
മനോഹാരിത ഹിമകണം -
പോൽ വാർഷിക്കുവാൻ....

**അന്നമോൾ**

9 എ

# കഥ

## ● മുത്തശ്ശിയുടെ  കഥ

മുത്തശ്ശി രാജുവിന് കഥ പറഞ്ഞുകൊടുക്കുകയാണ്.  വിദേശത്തു നിന്നുവരുന്ന തന്റെ മകനെയും കൊച്ചുമകനെയും കാത്ത് ആ  മുത്തശ്ശി തന്റെ കൊച്ചുവീട്ടിൽ തനിയെ ഇരിക്കുകയായിരുന്നു.ഒറ്റയ്ക്കാണ് ആ മുത്തശ്ശി .അവധിക്കാലത്തു തന്റെ മകൻ നാട്ടിലേക്കു വരും .തന്റെ കൊച്ചുമകനെ കാണാനുള്ള ആവേശത്തിലാണ്  മുത്തശ്ശി.

അപ്പു എന്നാണ് കൊച്ചുമകന്റെ പേര്.അപ്പുവിന് മുത്തശ്ശി യെ വലിയ ഇഷ്ടമാണ്.അവന്റെ ശാഠ്യ ത്തിലാണ് അവധിക്കാലത്തു നാട്ടിലേക്കു വരുന്നത്.അങ്ങനെ അവർ വീട്ടിൽ വന്നു.

മുത്തശ്ശിക്ക് വളരെ സന്തോഷമായി.അപ്പു മുത്തശ്ശിയുടെ കൂടെ സന്തോഷത്തോടെ കഴിഞ്ഞു.സ്കൂൾ തുറക്കാറായി.അപ്പുവിന് തിരിച്ചു പോകണം.പിറ്റേ ദിവസം രാവിലെ എല്ലാവരും തിരികെ പോകാൻ റെഡിയായി.മുത്തശ്ശി സങ്കടത്തിലായി.അപ്പുവിന് മുത്തശ്ശിയെഒറ്റയ്ക്കാക്കി പോകാൻ തീരെ മനസ്സില്ലായിരുന്നു.

മുത്തശ്ശിയും അപ്പുവും അടുത്ത അവധിക്കാലത്തിനായി കാത്തിരുന്നു

മുത്തശ്ശിയുടെ കഥ കേട്ടിരുന്ന രാജു തന്റെ

അമ്മുമ്മ യെ കെട്ടിപിടിച്ചു പറഞ്ഞു ആ അപ്പുവിനെ പോലെ നിർഭാഗ്യവാനല്ല ഞാൻ .എന്നും എനിക്കെന്റെ അമ്മുമ്മ യോടൊത്തു കഥകളും കേട്ട് കഴിയാമല്ലോ.

അഫ്സിന ,   8 സി

# നഷ്ടബോധം

ഹായ് !വിശാലമായ പറമ്പ് .ഒരേക്കറോളം
വ്യാപിച്ചുകിടക്കുന്നപറമ്പിലൂടെ അപ്പു ഏറെനേരം നടന്നു.
ഇത്രയേറെ പ്ലാവുകൾ തനിയെ കിളിച്ചവയാണോ?അപ്പു
ചോദിച്ചു.മോനെ എന്റെ മുത്തശ്ശി നട്ടതാണ് ഇതെല്ലാം .
എല്ലാ വർഷ കാലത്തും മുത്തശ്ശി പറമ്പിൽ നിന്നും
കുറെയേറെ പ്ലാവിൻ തൈകൾ
ശേഖരിക്കും .എന്നിട്ട് ഒരു കുന്താലിയും കൊണ്ട്
തടമെടുക്കും.പ്ലാവിൻ തൈകൾ ഓരോന്നായി

എടുത്തുകൊടുക്കാൻ ഞങ്ങളെയും കൂട്ടും.പ്ലാവിൻ തൈ നടൻ സഹായിച്ചതിന് സമ്മാനമായി

ചക്കര മാമ്പഴവും തേൻ വരിക്കയും തരും.
ഉപ്പും മുളകും പുരട്ടിവയ്ക്കുന്ന മാമ്പഴപൂള് കുട്ടികൾ എടുത്തോണ്ട്

ഒറ്റയോട്ടമാണ്.മുത്തശ്ശിയുടെ

കാലത്തു പട്ടിണിയും ദാരിദ്ര്യവും തീക്ഷ്ണമായിരുന്നു.തന്റെ പിൻതലമുറയ്ക്കു  അങ്ങനെയുണ്ടാകാതിരിക്കാൻ

അവർ ആശിച്ചു.ഒരു നേരത്തെ ആഹാരത്തിനുവേണ്ടി

വരുന്നവരായിരുന്നു അന്നത്തെ വിരുന്നുകാർ.

ഇപ്പോൾ ചക്ക അടർത്തനാളില്ല വയ്ക്കാനുമാളില്ല.എല്ലാരും ഫാസ്റ്റ് ഫുഡ്

ന്റെ പുറകെ ആണ്.

അതുകൊണ്ടെന്താ രോഗങ്ങളും ഫാസ്റ്റ് ആയി തന്നെ വരും.പറമ്പെല്ലാം മക്കൾക്കു ഓഹരി വെച്ച്

നൽകി . ഒട്ടും അമാന്തിച്ചില്ല .പറമ്പിലെ പ്ലാവിന്റെയും മാവിന്റെയും മറ്റും

എണ്ണംകുറഞ്ഞു.മുത്തശ്ശി
പറയുകയാണ് ഈ വീടിന്റെ തെക്കു ഭാഗത്തു ഒരു തേൻ വരിക്ക പ്ലാവ്

നിന്നിരുന്നു.നിന്റെ

അമ്മയൊക്കെ കുട്ടിക്കാലത്തു അതിലാണ് ഊഞ്ഞാൽ

കെട്ടിയിരുന്നത്.അതിലെ ചക്കപ്പഴത്തിന്റെ

നിറവും രുചിയും ഒരിക്കലെങ്കിലും തിന്നിട്ടുള്ളവർ മറക്കില്ല.അപ്പു പറഞ്ഞു

എനിക്കും അത് വേണം .

മോനെ ഇപ്പോളതില്ല.ചെറു മകൾക്കു ഡ്രസിങ് ടേബിൾ പണിയാൻ അത്

മുറിച്ചു. അഞ്ചു മക്കളുടെ പഠനവും വിവാഹവും ഒക്കെ നടത്താൻ ഒറ്റയ്ക്കു
ബുദ്ധിമുട്ടിയപ്പോൾ

പലരും ഓർമിപ്പിച്ചതാണ്.എന്നിട്ടും മുറിച്ചില്ല.അവരെ നോവിക്കാൻ

മനസ്സനുവദിച്ചില്ല.

ഇപ്പോഴുള്ളവർക്ക് അങ്ങനത്തെ ചിന്ത ഒന്നും ഇല്ല.പലരും പറഞ്ഞു
മുറിചപ്പോൾ  അതിന്റെ

മഞ്ഞനിറത്തെ പറ്റി .ഒരിക്കൽ ആ ഉരുപ്പടി കാണാൻ മകന്റെ വീട്ടിൽ

പോയിരുന്നു.

പക്ഷെ എ മുറി പൂട്ടി താക്കോൽ മാറ്റിവച്ചിരുന്നു.വെമ്പുന്ന ഹൃദയവുമായി
അവർ

തിരികെ പോന്നു .അതിൽ നിന്ന് നാമം ചൊല്ലാൻ ഒരു കൊരണ്ടിപ്പലക
ആയിട്ടു

പോലും തന്നില്ലല്ലോ എന്നോർത്ത് അവർ വിഷമിച്ചു.കേട്ടിരുന്ന

അപ്പുവിനും വിഷമം  ആയി.

അപ്പു ഒരു ദീർഘ നിശ്വാസത്തോടെ മുത്തശ്ശിയുടെ മടിയിൽ തലചായ്ച്ചു .

പ്രവീൺ കൃഷ്ണൻ യു .ബി

## ● ജഗദീശ് ചന്ദ്ര ബോസ് (ജെ .സി.ബോസ്)

ഊർജ്ജതന്ത്രത്തെയും സസ്യശാസ്ത്രത്തെയുമൊരുപോലെ സ്നേഹിക്കുകയും ഈരംഗങ്ങളിൽ ലോകശ്രദ്ധ കവർന്ന നേട്ടങ്ങൾ സ്വന്തമാക്കുകയും ചെയ്ത ശാസ്ത്രജ്ഞൻ ആണ് ജെ.സി.ബോസ് .

1858 നവംബർ 30 ന ജനനം.കൊൽക്കത്തയിലെ സെന്റ് സേവിയേഴ്സ് കോളേജിലെ പഠനകാലത്തു

ഫാദർ യൂജിൻ ലഫോങ്ങിന്റെ സ്വാധീന ഫലമായി ജീവശാസ്ത്രത്തിൽ വലിയ താല്പര്യമുണ്ടായി.

1879 ൽ ഊർജ്ജതന്ത്രത്തിൽ ബിരുദം നേടിയ ശേഷം വൈദ്യശാസ്ത്രം പഠിക്കാൻ കേംബ്രിഡ്ജിലേക്കു പോയെങ്കിലും ആരോഗ്യപ്രശ്നം കാരണം മുടങ്ങി .അങ്ങനെ ക്രൈസ്റ്റ് കോളേജിൽ ചേർന്നു നാച്ചുറൽ സയൻസ് പഠനം ആരംഭിക്കുകയും ബി.എസ് .സി നേടുകയും ചെയ്തു.


മറ്റു ജീവികളെപോലെതന്നെ സസ്യങ്ങൾക്കും ജീവനുണ്ടെന്നും അവയ്ക്കു സംവേദനക്ഷമതയുള്ള നാഡീവ്യൂഹം ഉണ്ടെന്നും അദ്ദേഹം തെളിയിച്ചു.സസ്യവളർച്ച സൂക്ഷ്മമായി അളക്കാൻ സഹായിക്കുന്ന ക്രെസ്കോഗ്രാഫ് എന്ന ഉപകരണം വികസിപ്പിച്ചെടുത്തു.ചൂട് തണുപ്പ് വേദന ശബ്ദം എന്നിവയോടൊക്കെ സസ്യങ്ങൾ പ്രതികരിക്കുമെന്നും അദ്ദേഹം തെളിയിച്ചു .

റേഡിയോ കണ്ടുപിടിച്ചത് ഗുഗ്ലി മാർക്കോണി ആണ്.എന്നാൽ റേഡിയോയാഥാർഥ്യമാകുന്നതിനു 2 വർഷം മുമ്പേ ജെ.സി ബോസ് സമാനകണ്ടുപിടിത്തം നടത്തിയിരുന്നു .റേഡിയോ തരംഗങ്ങളെ വായുവിലൂടെ പ്രേഷണംൻ കഴിയുമെന്ന് അദ്ദേഹം

തെളിയിച്ചു.ബോസിന്റെ ഗവേഷണങ്ങൾ  മാർക്കോണിയും ശ്രദ്ധി
ച്ചിരുന്നു.

 1917 ൽ കൊൽക്കത്തയിൽ ബോസ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ചു.ബംഗാളി ഭാഷയിൽ നിരുദേശർ
കാഹിനി (  THE STORY OF THE MISSING ONE  )എന്ന ശാസ്ത്ര കല്പിത കഥ രചിച്ചു.റസ്പോൻസ്
ഇൻ ദി ലിവിങ് ആൻഡ് നോൺ ലിവിങ് ,ദി നേർവസ് മെക്കാനിസം ഓഫ് പ്ലാന്റ്സ്
തുടങ്ങിയ ഗ്രന്ഥങ്ങളും  രചിച്ചു .റോയൽ സൊസൈറ്റി അംഗത്വം
,ബ്രിട്ടനിൽ നിന്ന്  സർ ബഹുമതി ,
ഇന്ത്യൻ സയൻസ് കോൺഗ്രസ് അധ്യക്ഷൻ  ബംഗാളി സാഹിത്യ പരിഷത് പ്രസിഡന്റ്
 തുടങ്ങിയ പദവികൾ അലങ്കരിച്ചു.കൊൽക്കത്തയിലെ ബൊട്ടാണിക്കൽ ഗാർഡൻ ആചാര്യ
ജഗദീഷ് ചന്ദ്ര ബോസ് ബൊട്ടാണിക്കൽ ഗാർഡൻ എന്നാണ്
അറിയപ്പെടുന്നത്.

ഡിപ്പാർട്ടമെന്റ് ഓഫ് സയൻസ് ആൻഡ് ടെക്നോളജി  ജെ.സി.ബോസ് ഫെലോഷിപ്
ഏർപ്പെടുത്തിയിട്ടുണ്ട്.1937  നവംബർ .23  ന അദ്ദേഹം അന്തരിച്ചു.



## ● ***JESSICA COX***

JESSICA COX [born in 1983 in Arizona] is the world's first licensed armless pilot ;as well as the first armless black-belt in the American association.

Jessica graduated from the university of Arizona in 2005 with at Bachelor's Degree in psychology and a minor in communication . Cox has not used prosthetic arms since she turned 14 .using her feet as the most people use their hand . She is able, among other things , to drive an unmodified car with an unrestricted license ,to type on a keyboard at 25 word per minute and to put in and remove her contact lenses. She is also a certified scuba diver.

Jessica cox flew in a single engine aeroplane for the first time via Wright flight in 2005 cox earned her pilot's certificate on in October 10 2008 after three years of training and is to fly a light- sport air craft to an altitude of 10000 feet cox began training in teakwood at a school in her home town of sierra vista and at the age of 14 she earned her first black belt. While in college at the university of Arizona cox restarted her taekwondo association club on campus

cox is the subject of the documentary Right Footed the film is directed by Emmy Award winning film maker nick spark. The documentary chronicles cox life mentorship hummanitarian trips to Ethopia and the philippines as well as her efforts to pass the CRPD in the USSenate.

THASNI 9 C

- Holding the oneness

*Dark light of sun, Blooming flowers, Nice sound of birds, Tuning noise of rivers and water flowing in the ground made the environment pleasant in the afternoon that day.*

*Oh. what a pleasant morning, said Rama, the gardener of Mr. Gupta.He was cutting the weeds which had grown inside the garden. Mr.Gupta was a business man and he was an angry man. On that morning, three kids named Meenu, Reenu and Gouri came to Mr. Gupta's house; near awide bridge. While they were coming they talked about Mr. Gupta's character. One of them said that 'He is a bad man' but Meenu argued with her and she told' we should be carefull of him' When they came near his house they seemed very fearful and were not willing to see him. As they reached his house, they understood that Mr. Gupta is inside that house .Rama told more about his character and told them that 'He will make you three as his servents'. They got tensed and started at each other. Mr. Gupta heard all those things told by his gardener. He made a loud noise and took his sword to kill Rama, who was an innocent man. But he missed his target. Those children stopped that man from that attempt. After that moment, the children got scared and returned to their home.*

*THASNI*
*9C*

# ● മരിക്കാത്ത ജീവികൾ

- ട്യൂറിട്ടോപ്സിസ് ധൂമി

ഒരിനം കടൽജീവി (ജെല്ലിഫിഷ്)ക്ക് മരണമില്ല.ഇടയ്ക്കിടയ്ക്ക് ഈ ജിവിയുടെ പഴയ കോശങ്ങളെല്ലാം നശിച്ചുപുതിയവ ഉണ്ടാകും.പിന്നീട് പ്രായപൂർത്തിയാകും.വീണ്ടും കോശങ്ങൾ പുതുക്കി ചെറുപ്പമാകും. ഇങ്ങനെതുടർന്നു കൊണ്ടിരിക്കുന്നതിനാൽ മരണം ഉണ്ടാകുന്നില്ല .

- പ്ലനേറിയ

പ്ലനേറിയയൻ വേം എന്ന ശരീരംപരന്നഈ ജീവി ശുദ്ധ ജല തടാകത്തിലും മണ്ണിലും ചെടിയിലുമൊക്കെ
കാണപ്പെടുന്നു .ഇവയിൽ ചിലതിനെ വെട്ടിമുറിച്ചുപോലും
കൊല്ലാനാകില്ല.നീളത്തിലോ വീതിയിലോമുറിച്ചു
രണ്ടു തുണ്ടമാക്കിയാലും ഇത് മരിക്കില്ല.പകരം ദിവസങ്ങൾക്കകം രണ്ടു കഷണങ്ങളും രണ്ടു ജീവികളാകും.

- ഡിനോ കോക്കസ്റേഡിയോഡ്യൂറൻസ്

ഈ ബാക്ടീരിയക്ക് ഏതു പ്രതികൂല സാഹചര്യത്തിലും
ജീവിക്കാനാകും.കടുത്ത ചൂടിലും വായു ഇല്ലാത്ത
സ്ഥലത്തും ആസിഡിലും കൊടും തണുപ്പിലും ഇവ നശിക്കില്ല .വലിയ അളവിൽ അണുവികിരണം ഉണ്ടായാലും മരണത്തെ അതിജീവിക്കാനുള്ള കഴിവ് ഇവയ്ക്കുണ്ട്
.


കടലിൽ കാണുന്ന ഒരിനം വലിയ ചുവപ്പൻ ചെമ്മീനുകൾക്കും ജീവശാസ്ത്രപരമായി
മരണമില്ല.ചിലയിനം കടലാമകളും ചുവപ്പുനിറമുള്ള പവിഴപ്പുറ്റുകളും അഞ്ചു നൂറ്റാണ്ടോളം ജീവിക്കും.







# *Sophiya*



**Cameras within Sophia's eyes combined with computer algorithms allow her to see. It can follow faces, sustain eye contact, and recognize individuals. It is able to process speech and have conversations using a natural language subsystem. Around January 2018 Sophia was upgraded with functional legs and the ability to walk.**

Sophia is conceptually similar to the computer program ELIZA, which was one of the first attempts at simulating a human conversation. The software has been programmed to give pre-written responses to specific questions or phrases, like a chatbot. These responses are used to create the illusion that the robot is able to understand conversation, including stock answers to questions like Is the door open or shut The information is shared in a cloud network which allows input and responses to be analysed with blockchain technology.

David Hanson has said that Sophia would ultimately be a good fit to serve in healthcare, customer service, therapy and education. Sophia runs on artificially intelligent software that is constantly being trained in the lab, so her conversations are likely to get faster, Sophia's expressions are likely to have fewer errors, and it should answer increasingly complex questions with more accuracy.

# • 2018 ലെ മഹാപ്രളയം

2018 ജൂലൈ ആഗസ്റ്റ് മാസങ്ങളിൽ തെക്ക പടിഞ്ഞാറൻ കാലാവർഷക്കാലത്തു ഉയർന്ന അളവിൽ മഴ പെയ്തതിന്റെ ഫലമായാണ് 2018 ലെ കേരള വെള്ളപ്പൊക്ക ദുരന്തം ഉണ്ടായത് .

അതിശക്തമായ മഴയെത്തുടർന്ന് കേരളത്തിലെ മിക്ക ജില്ലകളിലും വെള്ളപ്പൊക്കവും മലയോരമേഖലകളിൽ ഉരുൾപൊട്ടലും ഉണ്ടായി. ചരിത്രത്തിലാദ്യമായാണ് കേരളത്തിലെ 54 അണക്കെട്ടുകളിൽ 35 എണ്ണവും തുറന്നുവിടേണ്ടിവന്നത്.അതിശക്തമായ മഴയിൽ വയനാട് ജില്ല പൂർണമായും ഒറ്റപ്പെട്ടു.നദികൾ കരകവിഞ്ഞൊഴുകിയതു റോഡ് റെയിൽ വ്യോമ ഗതാഗത ശൃംഖലകളെ പ്രതികൂലമായി ബാധിച്ചു.തൊണ്ണൂറ്റിയൊൻപത്തിലെ മഹാ പ്രളയം എന്നറിയപ്പെടുന്ന 1924 ലെ പ്രളയത്തിന് ശേഷം കേരളത്തിലുണ്ടായ ഏറ്റവും വലിയ പ്രളയമെന്നാണ് 2018 ലെ പ്രളയം അറിയപ്പെടുന്നത്.

കനത്ത മഴയിലും ഉരുള്പൊട്ടലിലും ഏകദേശസം 483 പേര് മരിച്ചതായും 14 പേരെ കാണാതായതായും മുഖ്യമന്ത്രി പിണറായി വിജയൻ പ്രളയാനന്തര പ്രവർത്തനങ്ങളെ കുറിച്ച് ചർച്ച ചെയ്യാൻ ചേർന്ന നിയമസഭാ സമ്മേളനത്തിൽ അറിയിച്ചു. കാലവർഷം ശക്തമായ ആഗസ്റ്റ് 21 ന 391494 ലക്ഷം കുടുംബങ്ങളിൽ നിന്നായി 1450707 ആളുകൾ ദുരിതാശ്വാസ ക്യാമ്പ്കളിൽ ജീവിക്കേണ്ട അവസ്ഥയുണ്ടായി.പ്രളയത്തെയും തൽ ഫലമായുണ്ടായ കെടുതികളെയും തുടർന്ന് കേരളത്തിന് ഏകദേശം 40000 കോടി രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ടെന്ന് ആണ് സംസ്ഥാന സർക്കാരിന്റെ വിലയിരുത്തൽ .

## • ദുരന്ത കാരണം

2018 ജൂലൈ ആഗസ്റ്റ് മാസത്തിൽ തെക്കപടിഞ്ഞാറൻ കാലവർഷ കാലത്തു ഉയർന്ന അളവിൽമഴ പെയ്തതിന്റെ ഫലമായാണ് വെള്ളപ്പൊക്ക ദുരന്തം സംഭവിച്ചത് . അന്തർസംസ്ഥാനഅണക്കെട്ടുകളുടെ ഏകോപനമില്ലായ്മ ഒട്ടനവധി മേഘ വിസ്ഫോടനങ്ങൾ ,അന്തരീക്ഷത്തിലെ ന്യൂനമർദം ,എന്നിവയും ഈ പ്രളയത്തിന്റെ ചില കാരണങ്ങളാണ്.ഭൂപ്രകൃതി പരമായി നിരവധി പ്രത്യേകതകൾ ഉള്ള കേരള സംസ്ഥാനത്തിന് ഈ മഹാപ്രളയം മോശമായി ബാധിച്ചു.കേരളത്തിന്റെ ഏകദേശം പത്ത് ശതമാനം പ്രദേശങ്ങളും സമുദ്ര നിരപ്പിനു താഴെ സ്ഥിതി ചെയ്യുന്നതിനോടൊപ്പം 41 നദികൾ അറബിക്കടലിലേക്ക് പതിക്കുന്നവയുമാണ്.ഈ നദികളിലെല്ലാം കൂടി ഏകദേശം 54 ജല സംഭരണികളെങ്കിലും നിലനിൽക്കുന്നുണ്ട്.നിലയ്ക്കാതെ പെയ്ത മഴ വെള്ളത്തെ ഉൾക്കൊള്ളുവാൻ ഈ നദികൾക്കോ ജലസംഭരണികൾക്കോ സാധിച്ചില്ല.

➔ **പ്രളയകാഴ്ചകളിലൂടെ**













THANKS
2018.08.20 09:20

# നന്ദി




ജി വി എച്ച് എസ് കുളക്കട ലിറ്റിൽ
കൈറ്റ്സ് യൂണിറ്റ് ലെ കുട്ടികൾക്ക്
മൊഡ്യൂൾ അനുസരിച്ചുള്ള കൃത്യമായ പരിശീലനം നല്കിവരുന്നു.എല്ലാ
പ്രവർത്തനങ്ങളിലുംകുട്ടികളുടെ പങ്കാളിത്തം ലഭിക്കുന്നുണ്ട്.
വളരെ കുറഞ്ഞ സമയമേ ലഭിക്കുന്നുള്ളൂ എങ്കിലും e -മാഗസിൻ
തയ്യാറാക്കുന്നതിനുവേണ്ടി കഠിന പ്രയത്നം നടത്തിയിട്ടുണ്ട്.
മാഗസിൻ തയ്യാറാക്കുന്നതിനു വേണ്ടി പ്രയത്നിച്ചഎല്ലാവർക്കും
നന്ദി അറിയിക്കുന്നു.

കൈറ്റ്സ് മിസ്ട്രസ്
ആശാദേവി.ബി
അനില ആർ എസ്